റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, റവന്യൂവകുപ്പിൽ ഇപ്പോൾ ഒരു ഗ്രൂപ്പ് നിലനിൽക്കുകയാണ്. റവന്യൂ വകുപ്പിലെ ഗ്രൂപ്പ് അവസാനിപ്പിക്കുവാൻ ശക്തമായ തീരുമാനം എടുത്തിട്ടുണ്ട്. അതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 119 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 257 വില്ലേജ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്. ഗ്രൂപ്പ് വില്ലേജാഫീസ് വിഭജിച്ചാൽ പുതുതായി 138 വില്ലേജ് ഓഫീസുകൾ രൂപീകരിക്കേണ്ടിവരും. ഏറ്റവും കൂടുതൽ തൃശ്ശൂർ ജില്ലയിലാണ്. 97 ഗ്രൂപ്പ് വില്ലേജുകളിലായി 213 വില്ലേജ് ഓഫീസുകൾ തൃശ്ശൂർ തന്നെ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്ത് 6 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 12 വില്ലേജാഫീസുകൾ എറണാകുളത്ത് 6 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 12 വില്ലേജാഫീസുകൾ, കാസർഗോട് 10 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 20 വില്ലേജാഫീസുകൾ എന്നിങ്ങനെയാണു പ്രവർത്തിക്കുന്നത്. ഇതെല്ലാം വിഭജിച്ച് സ്വന്തം ഓഫീസുകൾ നിർമ്മിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടി ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലാണ് ആദ്യം ആരംഭിച്ചത്. കഴിഞ്ഞ പ്രാവശ്യം ശ്രീ. ലോനപ്പൻ നമ്പാടൻ, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യം ഇവിടെ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ പൂർണ്ണമായിട്ട് അവസാനിപ്പിച്ചു. അവിടെ പണം അനുവദിച്ചുകൊടുത്തു. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത് കുന്നംകുളം മണ്ഡലത്തെ പരിഗണനയിലെടുക്കുന്നതാണ്. വേഗം ഈ നടപടി പൂർത്തീകരിക്കുന്നതാണ്.

(6) ചെല്ലാനം പഞ്ചായത്തിലെ ചെറിയകടവ് പ്രദേശത്തെ കടലാക്രമണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ ചെറിയകടവ് പ്രദേശം അതിരൂക്ഷമായ കടലാക്രമണംകൊണ്ട് ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ വർഷം ഏകദേശം നൂറോളം വീടുകൾ വെള്ളത്തിലായപ്പോൾ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സ്ഥലത്തു വന്ന് അന്വേഷിച്ചു. അദ്ദേഹം 11 വർക്കുകൾക്ക് നിർദ്ദേശം നല്കി. ആ വർക്കുകൾ ടെൻഡർ കഴിഞ്ഞിരിക്കുകയാണ്. ഗവൺമെന്റിന്റെ നിയന്ത്രണംകൊണ്ട് ആ വർക്കിൽ എഗ്രിമെന്റ് വയ്ക്കുവാൻ കഴിയുന്നില്ല. ഇന്ന് മിഥുനം 27-ാം തീയതിയാണ്. കർക്കിടകമാസം കഴിഞ്ഞുപോയാൽ നൂറോളം വീടുകൾ നശിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് ടെൻഡർ കഴിഞ്ഞിട്ടുള്ള വർക്കുകൾക്ക് അടിയന്തിരമായി ഉത്തരവ് കൊടുക്കുകയും കടൽഭിത്തി ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നല്കുകയും ചെയ്യണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ചെറിയകടവ് ഭാഗത്ത് 300 മീറ്ററോളം പുനരുദ്ധാരണവും അറ്റകുറ്റപ്പണിയും മേയ് മാസം അവസാനത്തോടുകൂടി തീരുന്നു. ശക്തമായ കടലാക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഭിത്തി പുനർനിർമ്മാണത്തിന് 600 മീറ്റർ നീളത്തിന് 55.55 ലക്ഷം രൂപ എസ്റ്റിമേറ്റ് വരും. ആറ് പണികൾക്ക് ദർഘാസ് ക്ഷണിച്ചു. ലഭ്യമായിട്ടുള്ള ദർഘാസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സൂക്ഷ്മ പരിശോധനയിലാണ്. അടിയന്തിരമായി പണി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കാഞ്ഞിരപ്പള്ളി ഗവൺമെന്റാശുപത്രിയിൽ നൂറുകിടക്കകളുള്ള ഒരു വാർഡ് പണിയണമെന്ന ആവശ്യം

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, 104 വർഷം പഴക്കമുള്ള കാഞ്ഞിരപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയുടെ ബുദ്ധിമുട്ട് ബഹു. മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഒരു താലൂക്ക് ആശുപത്രി ആ താലൂക്കിലെ രോഗികളെ ചികിൽസിക്കുവാൻവേണ്ടി യാണ് ഉപയോഗിക്കുന്നത്. ഈ ആശുപത്രിയുടെ കഥ മറ്റൊന്നാണ്. ചങ്ങനാ ശ്ശേരി താലൂക്കിലെ ഏതാനും ഭാഗവും കാഞ്ഞിരപ്പള്ളി താലൂക്കിലെ മുഴു വനും പീരുമേട് താലൂക്കിലെ നല്ലൊരുഭാഗവും ഈ ആശുപത്രിയുടെ പരിധി യിൽവരുന്നു. ഈ ആശുപത്രിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഒരു താലൂക്കും മുന്നോട്ടുവരുന്നില്ല. കാഞ്ഞിരപ്പള്ളി താലൂക്ക് മുഴുവനും ഈ ആശുപത്രിയുടെ പരിധിയിൽവരുന്നുണ്ട്. വാഴൂർ നിയോജകമണ്ഡലത്തിലായ തുകൊണ്ട് ആരും അത്ര താല്പര്യം കാണിക്കാറില്ല. എന്റെ നിയോജകമണ്ഡ ലത്തിലെ ഒറ്റ പഞ്ചായത്ത് മാത്രമാണ് കാഞ്ഞിരപ്പള്ളി താലൂക്കിൽ വരുന്നത്. പീരുമേട് താലൂക്കിലെ തോട്ടം തൊഴിലാളികൾ ഭൂരിപക്ഷം ആളുകളും ചികിൽസയ്ക്കായി ഇവിടെയാണ് വരുന്നത്. ബഹു. മന്ത്രിയോട് സംസാരിച്ച പ്പോൾ എനിക്ക് ഇതിൽ ഉത്തരവാദിത്വം ഇല്ല, ഇത് ബ്ലോക്ക് പഞ്ചായത്ത് ഏർപ്പാടാണ്, എന്ന് അദ്ദേഹം പറഞ്ഞു. വിശാലമായ ഒരു പ്രദേശത്തെ പ്രതി നിധീകരിക്കുന്ന ആശുപത്രിക്ക് ആവശ്യമായവ കൊടുക്കുവാൻ കഴിയുന്നില്ല. നാല് ഏക്കർ ഭൂമി അവിടത്തെ നാട്ടുകാർ സംഭാവന ചെയ്തതാണ്. അവിടെ ഒരു ചെറിയ വാർഡ് അല്ലാതെ മറ്റൊന്നുമില്ല. സർ, അതു 104 വർഷം പഴക്കമു ള്ളതാണ്. ഇന്നോ നാളെയോ താഴെപ്പോകുമെന്നുള്ള നിലയിലാണ്. അവി ടെയും പത്ത്-എൺപതുരോഗികൾ കിടപ്പുണ്ട്. ആ രോഗികൾക്ക് കിടക്കാതിരി ക്കാൻ നിവൃത്തി ഇല്ലാത്തതുകൊണ്ട് കിടക്കുകയാണ്. ഇതിനെല്ലാമുപരിയായി എല്ലാ കെട്ടിടങ്ങളും നിറഞ്ഞിട്ട് വരാന്തയിൽ ധാരാളം രോഗികൾ കിടക്കുന്നു ണ്ട്. 140 രോഗികളെ കിടത്തി ചികിൽസിക്കാനുള്ള അനുവാദമുണ്ടെങ്കിലും ഏതാണ്ട് 400 രോഗികൾ ആശുപത്രി പരിസരങ്ങളിൽ കിടക്കുന്നു. അവരെയും ചികിൽസിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ആശുപത്രി സമ്പുഷ്ടമാണ്. ബഹു. മന്ത്രി കനിഞ്ഞതുകൊണ്ട് അവിടെ ഡോക്ടർമാരെല്ലാം ഉണ്ട്. എല്ലാവരും സമർത്ഥൻമാരുമാണ്. പക്ഷേ രോഗികളെ കിടത്തിയല്ലേ ചികിൽസിക്കാൻ കഴി യൂ. രോഗികൾക്ക് കിടക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ട ചുമതല ബ്ലോക്കിനാണെന്ന് പറഞ്ഞു മന്ത്രി ഒഴിയുന്നതു ശരിയല്ല. പുതിയ സംവിധാന ത്തിൽ, ഇങ്ങനെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഏതാനും തുകകൾ മാത്രം കിട്ടുന്ന ബ്ലോക്കിന്റെ അധീനതയിൽ കൊടുത്താൽ അതു ശരിയാകില്ല. ഇതു ജനങ്ങളുടെ ആരോഗ്യത്തെ സംബന്ധിക്കുന്ന പ്രശ്നമാണ്. അതു കൊണ്ട് ഗവൺമെന്റ് തീരുമാനമെടുത്ത്, ഒന്നുകിൽ ഈ ചുമതല ഏറ്റെടുക്കു കയോ അല്ലെങ്കിൽ ബ്ലോക്കിന് ആവശ്യമുള്ള പണം ഗ്രാന്റായിട്ട് കൊടുക്കു കയോ ചെയ്ത് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുക യാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖ ദാസ്) : സർ, 104 വർഷം പഴക്കമുള്ളതും 140 കിടക്കകളുള്ളതുമാണ് കാഞ്ഞി രപ്പള്ളി ഗവൺമെന്റ് ആശുപത്രി. 1995 ഡിസംബർ 23 വരെ ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ കൈവശമായിരുന്നു. അന്ന് നിയമസഭ പാസ്സാക്കിയതനുസ രിച്ച് ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വന്നു. ഇപ്പോൾ എ.എസ്സും ടി. എസ്സും കൊടുക്കുന്നത് ബ്ലോക്ക് പഞ്ചായത്താണ്. ഗവൺമെന്റ് ല്ല. എ.എസ്സും ടി.എസ്സും കൊടുക്കാൻ ആരോഗ്യവകുപ്പുമന്ത്രിക്ക് മുൻപ് അധി കാരമുണ്ടായിരുന്നു. ഇപ്പോൾ അധികാരം നഷ്ടപ്പെട്ടിരിക്കുകയാണ്. ആ കാര്യം ബഹു. അംഗങ്ങളുടെയും സഭയുടെയും ശ്രദ്ധയിൽ പല ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. വീണ്ടും അറിയിക്കേണ്ടത് ആവശ്യമാണെന്നു തോന്നുന്നു,

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം സബ്മിഷൻ ഉന്നയിക്കാനുള്ള ബഹു. മെമ്പറുടെ പ്രേരണ കാണുമ്പോൾ. എല്ലാ സ്പെഷ്യാലിറ്റിയും അവിടെയുണ്ട്. ഡോക്ടർമാരുണ്ട്. അതുകൊണ്ട് അനുവദിക്കപ്പെട്ട രോഗികളേക്കാൾ കൂടുതൽ രോഗികൾ അവിടെ വരുന്നു. അതാണ് ഇപ്പോഴുള്ള പ്രശ്നം. എല്ലാ സ്പെഷ്യാലിറ്റിയും എല്ലാ ഡോക്ടർമാരും നല്ല ഡോക്ടർമാരും ഉണ്ടാകുമ്പോൾ രോഗികളുടെ എണ്ണം കൂടുന്നു. രോഗികളുടെ എണ്ണം കൂടുന്നതനുസരിച്ച് കെട്ടിടമില്ല. കെട്ടിടമുണ്ടാക്കാൻ എ.എസ്സും ടി.എസ്സും കൊടുക്കാൻ ഗവൺമെന്റിന് അധികാരമില്ല. ഇതാണ് സ്ഥിതി. ഇപ്പോൾ പെരിന്തൽമണ്ണ മുനിസ്സിപ്പാലിറ്റി 75 ലക്ഷം രൂപയുടെ ഒരു താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പണി തുടങ്ങുകയാണ്. പണമുണ്ടാക്കുന്നുണ്ട്, ജനകീയാസൂത്രണത്തിലൂടെയൊക്കെ നേടുന്നു. അവരാണ് പൂർണ്ണ ഉത്തരവാദിത്വം ഏറ്റിരിക്കുന്നത്. ചില ബ്ലോക്കു പഞ്ചായത്തുകൾ ചെയ്യുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിന് കഴിയാത്തത് എന്തുകൊണ്ടാണെന്നു പരിശോധിക്കാം. മറ്റുള്ളവരുടെ സഹായം വേണമെങ്കിൽ അതുകൂടി കൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(8) പൈങ്ങോട്ടൂർ, പല്ലാരിമംഗലം പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾക്കാവശ്യമായ സ്റ്റാഫും ഉപകരണങ്ങളും

<u>ശ്രീ. വി.ജെ. പൗലോസ്</u> : സർ, എന്റെ നിയോജകമണ്ഡലത്തിൽ പൈങ്ങോട്ടൂർ, പല്ലാരിമംഗലം എന്നീ പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് യഥാക്രമം മുപ്പതും പത്തും കിടക്കകളോടുകൂടിയ ആശുപത്രി 1995-ൽ അതിന്റെ നിർമ്മാണം പൂർത്തിയാക്കിയതാണ്. ഇതുവരെ അതിന്റെ സ്റ്റാഫിനെയും മറ്റു ആവശ്യാനുസരണമുള്ള ഉപകരണങ്ങളും നല്കി അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റിന്റെ മൂന്നു വർഷക്കാലത്തിനിടയ്ക്ക് മൂന്നു നാലു പ്രാവശ്യം ഞാൻ ഈ വിഷയം സബ്മിഷനായി സഭയിൽ കൊണ്ടുവന്നു. നിർഭാഗ്യവശാൽ യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോഴും ഇത് ഉന്നയിക്കുമ്പോൾ നടപടിയുണ്ടാകും എന്നുള്ള പ്രതീക്ഷ എനിക്കില്ല. കാരണം ഇതുപോലുള്ള പ്രസംഗങ്ങളോടുള്ള നമ്മുടെ ആരോഗ്യവകുപ്പുമന്ത്രിയുടെ സമീപനം വളരെ അനാരോഗ്യകരമാണെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇപ്പോൾ പൈങ്ങോട്ടൂർ ആശുപത്രി 30 കിടക്കകൾ, ഓപ്പറേഷൻ തിയേറ്റർ, പോസ്റ്റുമാർട്ടം തിയേറ്റർ, കിച്ചൻ ബ്ലോക്ക് ആദിയായ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചു നിർമ്മിച്ച ആശുപത്രിയാണ്. അതുപോലെതന്നെ പല്ലാരിമംഗലവും. ഇത്രയും രൂപ ചെലവഴിച്ചു നിർമ്മിച്ച ആശുപത്രിയിൽ 'ആനയെ വാങ്ങാൻ പണമുണ്ട്, തോട്ടി വാങ്ങാൻ പണമില്ല' എന്നു പറയുന്ന സമീപനം മാറ്റി ഇത്തരം ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അനുമതിയും സ്റ്റാഫും ഡോക്ടർമാരും ഉപകരണങ്ങളുമെല്ലാം കൊടുക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. ഷൺമുഖദാസ്</u>) : സർ, ഇവിടെ ഇതു സംബന്ധിച്ച് മൂന്നു തവണ സബ്മിഷനുണ്ടായി; അതിന്റെ ഫലമായി ഗവൺമെന്റ് ആക്ടു ചെയ്തു. കഴിഞ്ഞ ജനുവരിയിൽ എട്ടു തസ്തികകൾ അവിടെ അനുവദിച്ചിട്ടുണ്ട്. അഞ്ചു നഴ്സ്, രണ്ടു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഫോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 എന്നിങ്ങനെ എട്ടു തസ്തികകൾ ജനുവരിയിൽ അനുവദിച്ചിട്ടുണ്ട്. അവരുടെ ആവശ്യം അതും പോരായെന്നാണ്. അത് ആരോഗ്യകരമാക്കാൻ താലൂക്കാശുപത്രിയു

LIBRARY ARCHIVES Kerala Legislative Assembly